പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 475** — **06.02.2014-ൽ മറുപടിയ്ക്ക്**

## സ്പോർട്സ് മേഖലയിലെ സഹായം വിതരണം ചെയ്യാൻ ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.എ.വാഹീദ്**<br>**ശ്രീ.സി.പി.മുഹമ്മദ്**<br>**ശ്രീ.എ.റ്റി.ജോർജ്ജ്**<br>**ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)** | |
| (എ) | സ്പോർട്സ് താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; | (എ) | ദേശീയ നിലവാരം പുലർത്തുന്ന കായികതാരങ്ങൾക്ക് ടൂർണ്ണമെന്റിൽ പങ്കെടുക്കുന്നതിനും കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കുന്നതിനുമായി കായികയുവജനകാര്യ ഡയറക്ടറുടെ പബ്ലിസിറ്റി ശീർഷകത്തിൽ നിന്ന് ധനസഹായം നൽകിവരുന്നു. ഇതിന് പുറമേ ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയിച്ച് നേട്ടങ്ങൾ കൈവരിക്കുന്ന കായിക താരങ്ങൾക്ക് നിലവിൽ ക്രോസ്ഡ് ചെക്ക് മുഖേന (Account Payee) സംസ്ഥാന സ്പോർട്സ് കൗൺസിൽ ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്കും അതിനു മുന്നോടിയായിട്ടുള്ള പരിശീലന ക്യാമ്പിനും കായികതാരങ്ങൾക്ക് അർഹമായ ടി.എ/ഡി.എ (Coaching Camp - Rs.200, Participation - Rs.300/-) എന്നിവ സംസ്ഥാന അസോസിയേഷനുകൾ മുഖേന നൽകി വരുന്നുണ്ട്. ഇത് ലഭ്യമാക്കുന്നത് ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസം വഴിയാണ്. |
| (ബി) | ധനസഹായങ്ങളും, സ്പോർട്സ് മേഖലയിലെ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റും മറ്റ് സാമ്പത്തിക സഹായങ്ങളും ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസം വഴി വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകുമോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി), (സി) & (ഡി) | കായികമേഖലയിലെ എല്ലാ തരത്തിലുള്ള ധനസഹായങ്ങളും, ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസം വഴി വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള സംസ്ഥാന അസോസിയേഷനുകൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസം വഴിയാണ് നടപ്പാക്കി വരുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; | | |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | | |

സെക്ഷൻ ഓഫീസർ